**ഭരണഭാഷ-മാതൃഭാഷ**

നമ്പർ :ഐസിഡിഎസ് ബി1/39936/13

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 06.05.2021

വനിതാ ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സി ഡി പി ഒ മാർക്കും

സർ,

വിഷയം : വ.ശി.വി.വ – സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി -അങ്കണവാടികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്

സൂചന (1) :

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികൾ വഴിയാണ് ഐ സി ഡി എസ് പദ്ധതിയിലെ വിവിധ സേവനങ്ങൾ ഗുണഭോക്താക്കൾക്കായി നൽകി വരുന്നത് .വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് പല കാരണങ്ങൾ കൊണ്ടും ഈ പദ്ധതിയുടെ സേവനം ലഭിക്കാതെ വരുന്നുണ്ട് . അത്തരത്തിലുള്ള ധാരാളം കുട്ടികൾ സംസ്ഥാനത്തുണ്ട് . അവരുടെ ചികിത്സക്കും ആരോഗ്യ പരിരക്ഷക്കുമായി അങ്കണവാടികൾ മുഖേനയുള്ള പ്രത്യേക സേവനങ്ങൾ ഒന്നും തന്നെ നിലവിൽ സംജ്ജീകരിച്ചിട്ടില്ല . ആയതിനാൽ MR, Autism, Cerebral palsy, multiple Disorder….. etc എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് ഐ സി ഡി എസ് പദ്ധതിയിൽക്കൂടി പ്രേത്യക പരിരക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് .

മെച്ചപ്പെട്ട ഭൗതീക സാഹചര്യമുള്ളതും ഭിന്നശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാ സൗകര്യമുള്ള അങ്കണവാടികളെ (വിവിധ പഞ്ചായത്തുകളിൽ നിന്നും) തെരെഞ്ഞെടുത്ത് സവിശേഷ അങ്കണവാടികളാക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനവും കുട്ടികളുടെ മാനസിക ആരോഗ്യ പരിരക്ഷ സംബന്ധിച്ച് മാതാ

പിതാക്കൾക്ക് വിദഗ്ദ്ധർ മുഖേന കൗൺസിലിംഗും സ്പെഷ്യൽ അങ്കണവാടികളിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനവും ലക്ഷ്യമിടുന്നു .

സ്പെഷ്യൽ അങ്കണവാടികളെ കണ്ടെത്തുമ്പോൾ ബഡ് സ്കൂൾ ഇല്ലാത്ത പഞ്ചായത്തുളിൽ നിന്നും കണ്ടെത്താവുന്നതാണ് . സ്പെഷ്യൽ അങ്കണവാടികൾക്ക് ചുവടെ പറയുന്ന അടിസ്ഥാന/ ഭൗതീക സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതുണ്ട് .

- Barrier free access to the Special Anganawadies and within the Anganawadi
- അങ്കണവാടി കെട്ടിടത്തിന് ക്ലാസ്സ് റൂം ,പ്ലേ ഏരിയ ,തെറാപ്പിക്കുള്ള സൗകര്യം
- അങ്കണവാടി കെട്ടിടത്തിൽ റാംപ് ,റെയിൽ സൗകര്യവും സ്ഥല സൗകര്യം
- അങ്കണവാടി കെട്ടിടം
  - Drinking water, furniture, washing facililties
  - Slip resistant floor, windows with grill
  - Electrified
  - Nature friendly എന്നിവ ഉറപ്പുവരുത്തേണ്ടതാണ് .
- സ്പെഷ്യൽ അങ്കണവാടികളിൽ വിഭിന്ന ശേഷി കുട്ടികൾക്കായുള്ള പ്രീ -പ്രൈമറി ആക്ടിവിറ്റിക്കുള്ള സൗകര്യം.
- Pictured walls, Special Charts, Jumbo Numbers, Puzzles, Flash Cards, Toys for children with special needs എന്നിവ ലഭ്യമാക്കുന്നു .
- ഒരു സ്പെഷ്യൽ അങ്കണവാടിയിൽ കുറഞ്ഞത് ഒരു വീൽ ചെയർ ഉണ്ടായിരിക്കും .
- സ്പെഷ്യൽ അങ്കണവാടികളിൽ ഭിന്നശേഷി സൗഹൃദമായ ടോയ്‌ലറ്റ് സൗകര്യം
- തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കുന്നു .

ആയതിലേക്ക് ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വിവിധ പ്രോജക്ടുകളിൽ നിന്നും 142 അങ്കണവാടികളെ തെരെഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികൾക്കായുള്ള അടിസ്ഥാന സൗകര്യം ഒരുക്കാവുന്നതാണ് .തെരെഞ്ഞെടുത്ത അങ്കണവാടികൾക്ക് 2 ലക്ഷം രൂപ വീതം വിനിയോഗിച്ച് പദ്ധതിയിൽ പ്രതിപാദിക്കുന്ന (barrier free) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത് .

അങ്കണവാടികളെ തെരഞ്ഞെടുക്കേണ്ട മാനദണ്ഡങ്ങൾ :

1. വിഭിന്ന ശേഷിക്കാരായ കുട്ടികൾ കൂടുതലുള്ളതും കുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ള പ്രദേശത്തെ അങ്കണവാടികൾക്ക് മുൻഗണന നൽകേണ്ടതാണ് .
2. തെരഞ്ഞെടുക്കുന്ന അങ്കണവാടിയിലേക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം നൽകുന്നതിന് അവരുമായി ചർച്ച ചെയ്ത് ഉറപ്പുവരുത്തേണ്ടതാണ്.
3. അങ്കണവാടിക്ക് കുറഞ്ഞത് 3 സെന്റ് സ്ഥലം ഉണ്ടായിരിക്കേണ്ടതും സ്വന്തമായി കെട്ടിടവും ചുറ്റുമതിലും ഉണ്ടായിരിക്കേണ്ടതാണ് .
4. അങ്കണവാടി കെട്ടിടത്തിന് ക്ലാസ് മുറി ,ആക്ടിവിറ്റി ഏരിയ ,ഡൈനിങ്ങ് ഹാൾ ,കിച്ചൺ റൂം ,ടോയ്‌ലറ്റ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ് .
5. അങ്കണവാടി നല്ല രീതിയിൽ ഫ്ളോറിങ് ചെയ്തതായിരിക്കണം .വൈദ്യുതിയും കുടിവെള്ളത്തിന്റെ ലഭ്യതയും ഉണ്ടായിരിക്കണം
6. അങ്കണവാടി പ്രവർത്തകർ സ്ഥിര നിയമനം നേടിയവരും മികച്ച പ്രകടനം കാഴ്ച്ച വെക്കുന്നവരുമായിരിക്കണം .
7. അങ്കണവാടിയിലേക്ക് വാഹനത്തിൽ എത്തിച്ചേരുന്നതിന് യാത്രാ സൗകര്യം ഉള്ളതായിരിക്കണം .

2021 - 22 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് അങ്കണവാടികൾ തെരഞ്ഞെടുക്കുന്നത്.പദ്ധതി സർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറക്ക് ഈ കാര്യാലയത്തിൽ നിന്നും നവീകരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് . അതിന് ശേഷം മാത്രമേ നവീകരണ പ്രവൃത്തി ആരംഭിക്കേണ്ടതുള്ളൂ .മേൽ വിവരിച്ച നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് ഒരു ജില്ലയിൽ കുറഞ്ഞത് 10 അങ്കണവാടികൾ എന്ന അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും നിശ്ചിത പെർഫോമയിൽ **10.06.2021ന്** മുൻപായി പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ അവ ക്രോഡീകരിച്ച് പ്രസ്തുത പെർഫോമ **14.06.2021 ന്** മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ് .

( Note: കോഴിക്കോട് ജില്ലയിൽ KSSM ന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന 25 സ്പെഷ്യൽ അങ്കണവാടികളിൽ barrier free accessibililty സൗകര്യം ഇല്ലെങ്കിൽ ടി അങ്കണവാടികളുടെ പ്രൊപ്പോസൽ നിർബന്ധമായും നൽകേണ്ടതാണ് .)

വിശ്വസ്തതയോടെ

**വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി**

# സ്പെഷ്യൽ അങ്കണവാടി പദ്ധതി -2021 -22

| | | |
|---|---|---|
| 1 | അങ്കണവാടി സ്ഥിതി ചെയ്യുന്ന ജില്ല | |
| 2 | പ്രോജക്ടിന്റെ പേര് | |
| 3 | അങ്കണവാടി സെന്റർ നം :,വാർഡ് , പഞ്ചായത്ത് | |
| 4 | അങ്കണവാടിക്ക് സ്വന്തമായുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം | |
| 5 | അങ്കണവാടി കെട്ടിടത്തിന്റെ വിസ്തീർണ്ണം (sq .feet ) | |
| 6 | തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം നൽകാൻ കഴിയുമോ? | |
| 7 | അങ്കണവാടിയിൽ ramp & rail നിർമ്മിക്കുന്നതിന് സൗകര്യമുണ്ടോ ?. | |
| 8 | അങ്കണവാടിയിൽ വൈദ്യുതി, കുടിവെള്ളം ലഭ്യതയുണ്ടോ ? | |
| 9 | അങ്കണവാടി കെട്ടിടത്തിന് പുറത്ത് കളിസ്ഥലം ലഭ്യമാണോ ? ലഭ്യമാണെങ്കിൽ അതിന്റെ വിസ്തീർണ്ണം | |
| 10 | അങ്കണവാടിയിൽ വാഹനം എത്തിച്ചേരുന്നതിന് സൗകര്യമുണ്ടോ ? | |
| 11 | വർക്കർ /ഹെൽപ്പർ / എന്നിവർ സ്ഥിര നിയമനം ലഭിച്ചവരാണോ ? | |
| 12 | ടി അങ്കണവാടിയിൽ എത്തിച്ചേരാൻ കഴിയുന്ന ഭിന്നശേഷി കുട്ടികളുടെ എണ്ണം | |

**ശിശു വികസന പദ്ധതി ഓഫീസർ**